പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1615

31-01-2018 ൽ മറുപടിക്ക്

## വാട്ടർ ഷെഡിന്റെ എസ്റ്റിമേറ്റ് തുക

ചോദ്യം
ശ്രീ. പി.വി. അൻവർ

മറുപടി
ശ്രീ.വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിലെ പോത്തുകല്ല് പഞ്ചായത്തിലെ ഭൂദാനത്തേക്ക് നിർദ്ദേശിച്ച വാട്ടർ ഷെഡിന്റെ എസ്റ്റിമേറ്റ് തുക എത്ര രൂപയാണ്; | (എ) | നിലമ്പൂർ മണ്ഡലത്തിലെ പോത്തുകൽ പഞ്ചായത്തിൽ ഭൂദാനം പ്രദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന " പാതാർ നീർത്തട പദ്ധതി" യുടെ അടങ്കൽ തുക 185 ലക്ഷം രൂപയാണ്. |
| (ബി) | ഇതിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ; കാലതാമസം കൂടാതെ അംഗീകാരം ലഭ്യമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ ജില്ലാതല ഓഫീസിൽ നിന്നും ശാസ്ത്രീയ പഠനത്തോട്ടുകൂടി തയ്യാറാക്കുന്ന പദ്ധതി രൂപരേഖ, വകുപ്പ് ആസ്ഥാനത്ത് വിശദമായ പരിശോധന നടത്തി അനുമതിയ്ക്കായി സർക്കാരിലേക്ക് സമർപ്പിക്കും. സർക്കാരിൽ നിന്നും പദ്ധതികൾ നബാർഡിന്റെ അനുമതിക്കായി നൽകുകയും, അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്യുന്നു. പ്രസ്തുത പദ്ധതികൾക്ക് വകുപ്പ് തലത്തിൽ സാങ്കേതികാനുമതി നൽകി പദ്ധതി പ്രവർത്തനങ്ങൾ നടത്തുവാൻ ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകുന്നു. ' പാതാർ നീർത്തട പദ്ധതി' RIDF Tranche XXIII-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിലേക്കായി നബാർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ